G&P3/357/2018-0

SEP 2018

C-2839588 -3

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - വെള്ളപ്പൊക്കത്തിൽ റേഷൻ കാർഡ് നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് ഡ്യൂപ്ലിക്കേറ്റ് റേഷൻ കാർഡ് വിതരണം ചെയ്യുന്നത് സംബന്ധിച്ച് — നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു

ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.435/2018/ഭ.പൊ.വി.വ തിരുവനന്തപുരം, തീയതി 23/08/2018

## ഉത്തരവ്

സംസ്ഥാനത്ത് 2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിൽ പല കുടുംബങ്ങൾക്കും റേഷൻ കാർഡുകൾ നഷ്ടപ്പെടുകയുണ്ടായി. സാധാരണക്കാരുടെ പല ആവശ്യങ്ങൾക്കും റേഷൻ കാർഡ് ഒരു ആധികാരിക രേഖയായും, റഫറൽ രേഖയായും ഉപയോഗിക്കുന്ന സാഹചര്യത്തിൽ റേഷൻ കാർഡിന്റെ അഭാവം പല ബുദ്ധിമുട്ടുകളും സൃഷ്ടിക്കുമെന്നതിനാൽ അടിയന്തരമായി അവർക്ക് ഡ്യൂപ്ലിക്കേറ്റ് റേഷൻ കാർഡുകൾ നല്കേണ്ടതുണ്ട്. ഇതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1) റേഷൻ കാർഡ് പൂർണ്ണമായും നഷ്ടപ്പെട്ടവർ, ഡ്യൂപ്ലിക്കേറ്റ് കാർഡിനുള്ള അപേക്ഷയോടൊപ്പം സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം നല്കിയാൽ മതിയാകും.

2) കേടുപാടുകൾ പറ്റിയ റേഷൻ കാർഡുകൾ കൈവശമുള്ളവർ അപേക്ഷയോടൊപ്പം അവ തിരികെ നല്കേണ്ടതാണ്.

3) അപേക്ഷയോടൊപ്പം 200/- രൂപയുടെ മുദ്രപ്പത്രത്തിൽ സത്യവാങ്മൂലം നല്കേണ്ടതില്ല.

4) അപേക്ഷയോടൊപ്പം നല്കുന്ന സത്യവാങ്മൂലത്തിൽ മന:പൂർവ്വം തെറ്റായ/വ്യാജമായ വിവരങ്ങൾ നല്കുകയോ ശരിയായ വസ്തുതകൾ മറച്ചു വയ്ക്കുകയോ ചെയ്താൽ അതിന് കാർഡുടമ മാത്രമായിരിക്കും ഉത്തരവാദി.

5) ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഡേറ്റ ലഭ്യമാക്കി, ഡ്യൂപ്ലിക്കേറ്റ് കാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ സിവിൽ സപ്ലൈസ് ഡയറക്ടർ, സ്റ്റേറ്റ് ഇൻഫർമേറ്റിക്സ് ഓഫീസർ-എൻ.ഐ.സി, ഡയറക്ടർ-സി.ഡിറ്റ് എന്നിവർ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതാണ്.

6) ഇത് സംബന്ധിച്ച് ജില്ലാ സപ്ലൈ ഓഫീസ്, താലൂക്ക് സപ്ലൈ ഓഫീസ് എന്നിവിടങ്ങളിൽ നടത്തേണ്ട ക്രമീകരണങ്ങൾ, ഉദ്യോഗസ്ഥരുടെ വിന്യാസം എന്നീ കാര്യങ്ങളിൽ സിവിൽ സപ്ലൈസ് ഡയറക്ടർ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

ഇപ്രകാരം വിതരണം ചെയ്യുന്ന ഡ്യൂപ്ലിക്കേറ്റ് റേഷൻ കാർഡുകൾ സാധാരണ കാർഡുകൾ പോലെ ഉള്ള ആധികാരിക രേഖയായും മറ്റ് ആവശ്യങ്ങൾക്കുള്ള റഫറൽ രേഖയായും ഉപയോഗിക്കാവുന്നതും ബന്ധപ്പെട്ട അധികാരികളും കേന്ദ്ര/സംസ്ഥാന സർക്കാർ വകുപ്പുകളും ഏജൻസികളും ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ ആധികാരിക രേഖയായി പരിഗണിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**മണിലാൽ.ബി.എസ്**
**ജോയിന്റ് സെക്രട്ടറി**

എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം.
സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, മാവേലി ഭവൻ, കൊച്ചി
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
സ്റ്റേറ്റ് ഇൻഫർമേറ്റിക്സ് ഓഫീസർ, എൻ.ഐ.സി, തിരുവനന്തപുരം.
ഡയറക്ടർ, സി-ഡിറ്റ്, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി/ ഓഫീസ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ